# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5787 — 03/11/2016 -ൽ മറുപടിക്ക്

## പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കാമോ;<br><br>(ബി) നിരവധി പദ്ധതികൾ ഉണ്ടായിട്ടും സാധാരണക്കാർ കുടിവെള്ളം ലഭിക്കാതെ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) & (ബി) പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്നതിനായി കേന്ദ്ര സർക്കാർ മുഖേനയുള്ള എൻ.ആർ.ഡി.ഡബ്ല്യു.പി ഫണ്ട് ഉപയോഗിച്ചും നബാർഡിന്റെ ഫണ്ട് ഉപയോഗിച്ചും ജലനിധിയുടെ ഫണ്ട് ഉപയോഗിച്ചും പദ്ധതികൾ നടപ്പിലാക്കാറുണ്ട്. ഇതുകൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ന്യൂനപക്ഷ വകുപ്പ്, ത്രിതല പഞ്ചായത്ത് മുതലായവയുടെ ഫണ്ട് ഉപയോഗിച്ചും, എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചും പഞ്ചായത്തുകളുടെ ആവശ്യപ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെറുകിട പദ്ധതികൾ നടപ്പിലക്കാറുണ്ട്. കൂടാതെ 2016-17-ലെ ബജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 987 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി 71 പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.<br>പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജലനിധി രണ്ടാംഘട്ട പദ്ധതി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേന 115 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. റീസ്ട്രക്ചർ ചെയ്ത പദ്ധതിയനുസരിച്ച് 1358.53 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി 2018 |

| | | | |
|---|---|---|---|
| | | | ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജലനിധി പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ കർമ്മ പദ്ധതികളും ജലനിധി ആവിഷ്കരിച്ചിട്ടുണ്ട്. കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർമ്മ പരിപാടികൾ നടപ്പിലാക്കിവരുന്നു. |
| (സി) | രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; അതിന് അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ; | (സി) | ഉണ്ട്; 2011-12 മുതൽ 2015-16 വരെ അനുവദിച്ച തുകയുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. 2009 മുതൽ മേൽ പദ്ധതി നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (എൻ.ആർ.ഡി.ഡബ്ല്യു.പി) എന്നാണ് അറിയപ്പെടുന്നത് . |
| (ഡി) | കാസർകോട് ജില്ലയിൽ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് നൽകാമോ; | (ഡി) | കാസർഗോഡ് ജില്ലയിൽ രാജീവ് ഗാന്ധി പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഇ) | ജപ്പാൻ കുടിവെള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; കാസർകോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് നൽകാമോ; | (ഇ) | ജപ്പാൻ കുടിവെള്ള പദ്ധതിക്കായുള്ള ജപ്പാൻ ധനസഹായം 27/7/2015-ൽ അവസാനിച്ചു. ഈ പദ്ധതിയുടെ ശേഷിച്ച പ്രവൃത്തികൾ സംസ്ഥാന ധനസഹായത്തോടെ പൂർത്തിയായി വരുന്നു. കാസർഗോഡ് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| (എഫ്) | ജപ്പാൻ കുടിവെള്ള പദ്ധതി ഇനി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോയെന്ന് വിശദമാക്കാമോ ? | (എഫ്) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

NRDWP Release

*Amount in Crore*

| Sl. No. | Year | Programme Fund | Support Fund | Water Quality Monitoring & Surveillance Programme | Earmarked Water Quality Fund (Chemical) |
|---|---|---|---|---|---|
| 1 | 2011-12 | 107.01 | 3 75 | 2.63 | 0.00 |
| 2 | 2012-13 | 245.65 | 1 19 | 2.19 | 2.39 |
| 3 | 2013-14 | 201.93 | 5 16 | 2.55 | 0.00 |
| 4 | 2014-15 | 119.56 | 3 69 | 0.86 | 0.00 |
| 5 | 2015-16 | 45.28 | 1 73 | 1.04 | 0.00 |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| ക്രമനമ്പർ | പദ്ധതിയുടെ പേര് | നടപ്പിലാക്കിയ പഞ്ചായത്ത് | അനുവദിച്ച തുക |
|---|---|---|---|
| 1 | ഉപ്പളയ്ക്കും സമീപഗ്രാമങ്ങളിലേക്കുമുള്ള കുടിവെള്ളപദ്ധതി - എ.ആർ.പി (ടെക്നോളജി മിഷൻ) | മംഗൽപാടി | 532.00 ലക്ഷം |
| 2 | വോർക്കാടിക്കും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ളപദ്ധതി - എ. ആർ.പി (ടെക്നോളജി മിഷൻ) | വോർക്കാടി, മഞ്ചേശ്വരം | 737.00 ലക്ഷം |
| 3 | മാലോത്തും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ളപദ്ധതി (എ.ആർ.പി) | ബളാൽ | 595.00 ലക്ഷം |
| 4 | ബദിയടുക്ക, നീർച്ചാൽ വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ളപദ്ധതി (10 എ. ആർ.പി) | ബദിയടുക്ക | 471.00 ലക്ഷം |
| 5 | വെസ്റ്റ് എളേരിയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി (ബാക്കി പ്രവൃത്തി) | വെസ്റ്റ് എളേരി | 125.33 ലക്ഷം |
| 6 | മാലോത്ത് വില്ലേജിലെ 4 വാർഡുകളിലേക്കും ബളാൽ വില്ലേജിലെ 6 വാർക്കുകളിലേക്കുള്ള പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നിവയുടെ പുനസ്ഥാപനം | ബളാൽ | 297.00 ലക്ഷം |
| 7 | പനയാൽ ശുദ്ധജലവിതരണ പദ്ധതി | പള്ളിക്കര പഞ്ചായത്ത് | 110.00 ലക്ഷം |
| 8 | ഉപ്പള ശുദ്ധജലവിതരണ പദ്ധതി - തടയണ സ്ഥാപിക്കൽ | മംഗൽപാടി | 590.00 ലക്ഷം |
| 9 | വോർക്കാടിക്കുംം സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - തടയണ സ്ഥാപിക്കൽ | വോർക്കാടി | 533.00 ലക്ഷം |
| 10 | വെസ്റ്റ് എളേരിയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ കോൺക്രീറ്റ് തടയണ നിർമ്മാണം | വെസ്റ്റ് എളേരി | 300.00 ലക്ഷം |
| 11 | ബളാംതോട് ഹയർ സെക്രട്ടറി സ്കൂളിലേക്കുള്ള കുടിവെള്ളപദ്ധതി | പനത്തടി പഞ്ചായത്ത് | 15.50 ലക്ഷം |

സെക്ഷൻ ഓഫീസർ